പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. T.287**

29/01/2014-ൽ മറുപടിക്ക്

## 'തൃപ്തി' ന്യായവില ഭക്ഷണ ശാലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. കെ. വി. വിജയദാസ് | ശ്രീ. കെ.സി. ജോസഫ്<br>ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| (എ) 'തൃപ്തി' ന്യായവില ഭക്ഷണ ശാലകൾ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ആരംഭിക്കുകയുണ്ടായോ ; ഇതിനായി ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) & (ബി) 'തൃപ്തി' ന്യായവില ഭക്ഷണശാലയുടെ പ്രവർത്തനംആരംഭിച്ചിട്ടില്ല. കുടുംബശ്രീ വഴി ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (ബി) ഏത് ഏജൻസി വഴി ഏതെല്ലാം സംഘടനകളുടെ സഹായത്തോടുകൂടി എത്ര കേന്ദ്രങ്ങളിലാണ് ന്യായ വില ഭക്ഷണ ശാലകൾ ആരംഭിച്ചിട്ടുള്ളത് ; | |
| (സി) ഈ ബജറ്റ് നിർദ്ദേശം സംസ്ഥാനത്താകെ നടപ്പാക്കുന്നതിന് എന്തു തുക ചെലവ് പ്രതീക്ഷിച്ചിരുന്നു; | (സി) വിവിധ വകുപ്പുകളുടെ സംയോജനം ആവശ്യമായ പദ്ധതിയായതിനാൽ ഇതിനായുള്ള അടിസ്ഥാന നടപടികൾ പൂർത്തിയായാൽ മാത്രമേ ഈ പദ്ധതിയ്ക്ക് എന്തു തുക ചെലവ് വരുമെന്ന് കണക്കാക്കാൻ കഴിയൂ. |
| (ഡി) പ്രഖ്യാപിച്ച സ്ഥലങ്ങളിൽ എല്ലാം തൃപ്തി ഭക്ഷണ ശാലകൾ എപ്പോൾ മുതൽ പ്രവർത്തിച്ചു തുടങ്ങും? | (ഡി) കുടുംബശ്രീ മുഖേന നടത്തുന്ന ന്യായവില ഭക്ഷണശാലകൾ അടുത്ത സാമ്പത്തിക വർഷത്തിൽ ആരംഭിക്കത്തക്കരീതിയിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ⟶ |

വിവിധ വകുപ്പുകളുടെ സംയോജനം ആവശ്യമായ പദ്ധതി ആയതിനാൽ ഇതിനായുള്ള അടിസ്ഥാന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ന്യായവില ഭക്ഷണശാലകൾ ആരംഭിക്കാനാവൂ.

സെക്ഷൻ ഓഫീസർ